ശൈഖ് മുഹമ്മദ് കാരകുന്ന്

# കർമശാസ്ത്ര ഭിന്നതകൾ ഹദീസ് ക്രോഡീകരണത്തിനു ശേഷം

**ഇസ്‌ലാമിന്റെ** ആധികാരിക മാതൃക പ്രവാചക ജീവിതമാണ്. അല്ലാഹുവിന്റെ സന്ദേശങ്ങൾ മാനവസമൂഹത്തിന് എത്തിച്ചു കൊടുക്കുന്ന ദൂതൻ മാത്രമല്ല നബി(സ). ദിവ്യ സന്ദേശങ്ങൾ ആവശ്യാനുസൃതം വിശദീകരിക്കുകയും അവയുടെ പ്രാവർത്തിക രൂപം കാണിച്ചുകൊടുക്കുകയും ചെയ്ത മാതൃകാ പുരുഷൻ കൂടിയാണദ്ദേഹം. അല്ലാഹു പറയുന്നു: 'നിനക്കു നാം പ്രമാണം അവതരിപ്പിച്ചു തന്നത് നീ അവർക്ക് വിവരിച്ചു കൊടുക്കാൻ വേണ്ടിയാണ്.' (ഖുർആൻ: 16:44)

വിശുദ്ധ ഖുർആൻ പറഞ്ഞ പല കാര്യങ്ങളും പ്രവാചകചര്യയില്ലാതെ ഗ്രഹിക്കുക സാധ്യമല്ല. വിശുദ്ധ ഖുർആൻ നമസ്കരിക്കാൻ കൽപിച്ചു. എപ്പോൾ എങ്ങനെ അതു നിർവഹിക്കണമെന്ന് വിവരിച്ചില്ല. റക്അത്തുകളുടെ എണ്ണം പഠിപ്പിച്ചതും അവയുടെ രീതി അഭ്യസിപ്പിച്ചതും പ്രവാചകചര്യയാണ്. സകാത്ത് കൊടുക്കാൻ അല്ലാഹു കൽപിച്ചു. എന്നാൽ എന്തിനെല്ലാം ഏതു തോതനുസരിച്ച് നൽകണമെന്ന് വിവരിച്ചുതന്നത് നബി(സ)യാണ്. നിത്യ ജീവിതത്തിലെ മര്യാദകൾ; ചര്യകൾ, സ്വഭാവ രീതികൾ, പെരുമാറ്റ സമ്പ്രദായങ്ങൾ, വിവാഹക്രമം, കുടുംബജീവിത നിയമങ്ങൾ, മയ്യിത്ത് സംസ്കരണം തുടങ്ങിയ വിഷയങ്ങളെല്ലാം വിശദമായി മനസ്സിലാക്കാൻ ഹദീസുകൾ അവലംബിക്കാതെ നിർവാഹമില്ല.

ഖുർആൻ പരാമർശിക്കാത്ത പ്രശ്നങ്ങളിൽ തീർപ്പുകൽപിക്കാനുള്ള ബാധ്യതയും അർഹതയും നബി(സ)ക്കാണ്. ദിവ്യബോധനങ്ങളുടെ വെളിച്ചത്തിൽ അനുവദനീയവും നിഷിദ്ധവും നിശ്ചയിക്കാനും അല്ലാഹു ഏൽപിച്ചത് അദ്ദേഹത്തെയാണ്. ഖുർആൻ പറയുന്നു: 'അദ്ദേഹം അവരോട് നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു. ഉത്തമ വസ്തുക്കൾ അവർക്ക് അനുവദനീയമാക്കുകയും ചീത്ത വസ്തുക്കൾ നിഷിദ്ധമാക്കുകയും ചെയ്യുന്നു.' (7:157)




സമൂഹത്തിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് വിധി നൽകാനുള്ള അധികാരം നബി(സ)ക്കാണ്. അദ്ദേഹത്തിന്റെ തീർപ്പ് പൂർണമായും പിൻപറ്റാൻ വിശ്വാസികൾ ബാധ്യസ്ഥരുമാണ്.

"നിന്റെ നാഥൻ തന്നെ സത്യം. അവർക്കിടയിലെ തർക്കങ്ങളിൽ നിന്നെയവർ വിധികർത്താവാക്കുകയും നീ നൽകുന്ന വിധിയിൽ അവരൊട്ടും അലോസരമനുഭവിക്കാതിരിക്കുകയും അതിനെ പൂർണസമ്മതത്തോടെ സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവർ യഥാർഥ വിശ്വാസികളാവുകയില്ല; തീർച്ച." (4:65)

പ്രവാചകചര്യ പിന്തുടരാൻ വിശ്വാസികളെ നിർബന്ധി

ക്കുകയും അതിന്റെ നിരാകരണം ശക്തമായി വിലക്കുകയും ചെയ്യുന്ന നിരവധി ഖുർആൻ വചനങ്ങളുണ്ട്. അതോടൊപ്പം പ്രവാചകചര്യ ഹദീസുകളിൽ കൃത്യമായി രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും എന്തുകൊണ്ട് വ്യത്യസ്ത കർമശാസ്ത്ര മദ്ഹബുകളുണ്ടായി? ഏകശിലാരൂപത്തിലുള്ള ഒരു കർമ ശാസ്ത്ര മാതൃക ഉണ്ടായില്ല? ഹദീസുകൾ സൂക്ഷ്മമായ സംശോധനക്കു ശേഷം ക്രോഡീകരിക്കപ്പെട്ട ശേഷവും കർമശാസ്ത്ര ഭിന്നതകൾ നിലനിൽക്കുന്നതെന്തുകൊണ്ട്?



**സ്വഹാബികൾക്കിടയിലെ ഭിന്നത**

കർമശാസ്ത്ര വിഷയങ്ങളിൽ പ്രവാചകകാലം തൊട്ടുതന്നെ ഏകമായ നിലപാട് നിലനിന്നിരുന്നില്ല. ഹദീസുകൾ ക്രോഡീകരിക്കപ്പെട്ട ശേഷവും വിവിധ വിഷയങ്ങളിൽ ഭിന്നമായ വീക്ഷണങ്ങൾ നിലനിൽക്കാനുള്ള കാരണവും അതുതന്നെ. തറാവീഹിന്റെ റക്അത്തുകളുടെ എണ്ണം, മുത്ത്വലാഖ്, വെള്ളിയാഴ്ചയിലെ രണ്ടു ബാങ്ക് പോലുള്ള പ്രശ്നങ്ങളിൽ തലമുറകളായി പല കാഴ്ചപ്പാടുകൾ നില നിന്നുപോരുന്നത് സ്വഹാബികൾ സ്വീകരിച്ച വ്യത്യസ്ത നിലപാടുകൾ കാരണമായാണ്.

ചുംബനം കാരണം വുദൂ മുറിയുകയില്ലെന്ന് ഹസ്രത്ത് ആഇശ(റ)യും മുറിയുമെന്ന് അബ്ദുല്ലാഹിബ്നു ഉമറും അഭിപ്രായപ്പെടുന്നു. സ്ത്രീ കുളിക്കുമ്പോൾ തലമുടി അഴിച്ചിടൽ നിർബന്ധമാണോ അല്ലേ എന്ന കാര്യത്തിലും അവർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. അസ്ർ നമസ്കാരം പിന്തിക്കരുതെന്ന് ആഇശ(റ) അഭിപ്രായപ്പെട്ടപ്പോൾ പിന്തിക്കുകയാണ് വേണ്ടതെന്ന് ഉമ്മുസലമ (റ) അഭിപ്രായപ്പെട്ടു. ബലിമൃഗത്തിന്റെ മാംസം മൂന്നു ദിവസത്തിനു ശേഷം ഭക്ഷിക്കാൻ പാടില്ലെന്നായിരുന്നു ഹസ്രത്ത് അലിയുടെയും ഉമറുൽ ഫാറൂഖി(റ)ന്റെയും വീക്ഷണം. എന്നാൽ അതിനു വിരോധമില്ലെന്നാണ് ഹസ്രത്ത് ആഇശ(റ) അഭിപ്രായപ്പെട്ടത്. മൂന്ന് തവണ ത്വലാഖ് ചൊല്ലപ്പെട്ട സ്ത്രീ ഭർത്താവിന്റെ വീട്ടിൽ താമസിക്കരുതെന്ന് ഫാത്വിമ ബിൻത് ഖൈസ് അഭിപ്രായപ്പെടുമ്പോൾ താമസിക്കാമെന്ന് ആഇശ(റ) അഭിപ്രായപ്പെട്ടു. ഇങ്ങനെ നിരവധി പ്രശ്നങ്ങളിൽ സ്വഹാബികൾക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങൾ നിലനിന്നിരുന്നു. അത് ഇസ്‌ലാമിക സമൂഹത്തിൽ അഭിപ്രായ ഭേദങ്ങൾക്ക് കാരണമാവുകയും ചെയ്തു.

## ഭിന്നതയുടെ കാരണങ്ങൾ

ഇസ്‌ലാമിക വിധികളും നിർദേശങ്ങളും നിയമങ്ങളും സമൂഹമധ്യത്തിൽ പ്രഖ്യാപിക്കുകയായിരുന്നു പ്രവാചകൻ ചെയ്തിരുന്നത്. അവിടുത്തെ അനുയായികളിലോരോരുത്തരും തങ്ങൾ കേൾക്കുകയും കാണുകയും ചെയ്ത പ്രവാചകവചനങ്ങളും ചര്യകളും ശ്രദ്ധയോടെ ഓർമിച്ചുവെച്ചു. ഓരോ നിർദേശത്തിന്റെയും വിധിയുടെയും സ്ഥലവും സാഹചര്യവും കാലവും പ്രേരകവും ഓരോരുത്തരും ജാഗ്രതയോടെ വിലയിരുത്തുകയും അവക്കാധാരമായ കാരണങ്ങൾ നിർണയിക്കുകയും ചെയ്തു. കാരണങ്ങൾ കണ്ടെത്തുന്നതിൽ ഓരോരുത്തരുടെയും ബുദ്ധിപരവും വൈജ്ഞാനികവുമായ നിലവാരവും വീക്ഷണ വ്യത്യാസവും സ്വാധീനം ചെലുത്തുക സ്വാഭാവികമാണല്ലോ. അങ്ങനെ അവർ ഉൾക്കൊണ്ട ആശയങ്ങളിലും തദടിസ്ഥാനത്തിലുള്ള വിധി നിർണയത്തിലും അന്തരമുണ്ടായി. ഇത് വീക്ഷണവ്യത്യാസത്തിന് വഴിയൊരുക്കി. അതേസമയം അങ്ങനെ സംഭവിക്കുന്നത് ഗുരുതരമായ തെറ്റോ കുറ്റമോ ആയി ആരും കണക്കാക്കിയിരുന്നില്ല. തന്റെ നിർദേശങ്ങൾ പല രീതിയിൽ ഉൾക്കൊള്ളുന്നതിനെ പ്രവാചകൻ(സ) തന്നെ ഉദാരമായാണ് കണ്ടിരുന്നത്. ബനൂ ഖുറൈദയിലെത്തിയ ശേഷമേ അസ്ർ നമസ്കരിക്കാവൂ എന്ന നിർദേശത്തെ പരസ്പരവിരുദ്ധമായ നിലപാടുകളിൽ ഉൾക്കൊണ്ട സ്വഹാബികളുടെ പ്രവർത്തനങ്ങളെ നബി(സ) സംതൃപ്തിയോടെ അംഗീകരിക്കുകയാണുണ്ടായത്.

ഹദീസുകൾ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടു മാത്രം അവയെ വിലയിരുത്തുന്നതിലും അവയിൽനിന്ന് വിധിവിലക്കുകൾ മനസ്സിലാക്കിയെടുക്കുന്നതിലും വീക്ഷണ വ്യത്യാസങ്ങളുണ്ടാകാതിരിക്കില്ല എന്ന് ഇതിൽനിന്ന് ഗ്രഹിക്കാം. എല്ലാവരുടെ വശമുള്ള ഖുർആൻ ഒന്നായിരുന്നിട്ടും അതിൽനിന്ന് എല്ലാവരും ഉൾക്കൊള്ളുന്ന വിശദാംശങ്ങൾ ഒരേപോലെയല്ലല്ലോ. ഒരേ സൂക്തത്തിന് വ്യത്യസ്ത വിശദീകരണങ്ങൾ മാത്രമല്ല; പരസ്പര വിരുദ്ധങ്ങളായ വ്യാഖ്യാനങ്ങൾ പോലും ഉണ്ടാകാറുണ്ട്.

സ്വഹാബികൾക്കിടയിൽ കർമശാസ്ത്ര പ്രശ്നങ്ങളിൽ ഭിന്നത ഉണ്ടാവാനുള്ള ഏഴുകാരണങ്ങൾ ശാഹ്‌വലിയുല്ലാഹി ദ്ഹ്‌ലവി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അവയിലേറെയും ഇന്നും പ്രസക്തമാണ്. ഹദീസ് ഗ്രന്ഥ രൂപത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നുവെന്നത് ഇതിൽ കാര്യമായ വ്യത്യാസം വരുത്തുന്നില്ല. സ്വഹാബികൾക്കിടയിൽ നിലനിന്നിരുന്ന അഭിപ്രായാന്തരങ്ങളുടെ കാരണം വിവരിക്കവെ ദഹ്‌ലവി എഴുതുന്നു: "നിവേദക പരമ്പരയിൽ ഉത്തമവിശ്വാസം ഇല്ലാത്തതിനാൽ ഹദീസിന്റെ പ്രാമാണികത സ്വഹാബിക്ക് ബോധ്യം വരാതിരിക്കുക. അങ്ങനെയാകുമ്പോൾ ഹദീസ് ഉണ്ടായിരിക്കെതന്നെ അതിനു വിപരീതമായി ഇജ്തിഹാദിലൂടെ അഭിപ്രായം രൂപീകരിക്കുന്നു. ആറു പ്രാമാണിക ഹദീസ് ഗ്രന്ഥങ്ങൾ (സ്വിഹാഹുസ്സിത്ത:) ഉദ്ധരിച്ച ഫാത്വിമ ബിൻതു ഖൈസിന്റെ ഹദീസ് ഇതിനുദാഹരണമാണ്. ഖലീഫ ഉമറി(റ)ന്റെ സന്നിധിയിൽ വന്ന് ഫാത്വിമ ഇപ്രകാരം മൊഴിനൽകി: 'എന്റെ ഭർത്താവ് എന്നെ മൂന്ന് ത്വലാഖുചൊല്ലി പിരിച്ചിരിക്കുന്നു. നബിതിരുമേനി എനിക്ക് ഇദ്ദാകാലത്തെ ജീവനാംശമോ പാർപ്പിടമോ അനുവദിച്ചിരുന്നില്ല.' എന്നാൽ അവരുടെ ഈ മൊഴിയുടെ വെളിച്ചത്തിൽ ഉമർ(റ) പ്രസ്താവിച്ചു; 'സ്ത്രീയുടെ വാക്കുകേട്ട് – അതു ശരിയാണോ അവർക്ക് പിശകു പറ്റിയതാണോ എന്നൊന്നും പറയാൻ പറ്റില്ല – നാം അല്ലാഹുവിന്റെ ഗ്രന്ഥം ഉപേക്ഷിക്കുകയില്ല.' മൂന്ന് ത്വലാഖ് പിരിക്കപ്പെട്ട സ്ത്രീക്ക് ജീവനാംശവും പാർപ്പിടവുമില്ലെന്ന ഫാത്വിമയുടെ ഈ മൊഴികേട്ട ഹസ്രത്ത് ആഇശ ചോദിച്ചു: 'ഫാത്വിമക്ക് എന്തുപറ്റി? അവർ അല്ലാഹുവെ ഭയപ്പെടുന്നില്ലേ?'

'വിവാഹമോചിതരായ സ്ത്രീകളെ അവരുടെ താമസസ്ഥലത്തുനിന്ന് നിങ്ങൾ പുറത്താക്കരുത്' (അത്ത്വലാഖ്: 1).

'നിങ്ങളുടെ താമസസ്ഥലത്ത് കഴിവനുസരിച്ച് അവരെയും പാർപ്പിക്കുക' (അത്ത്വലാഖ് : 6) എന്നീ ഖുർആൻ സൂക്തങ്ങൾ പ്രകാരം വിവാഹമോചിതയായ സ്ത്രീയെ വീട്ടിൽനിന്ന് പുറത്തുവിടാൻ പാടില്ലെന്നും അവർക്ക് ഇദ്ദാകാലത്ത് താമസ സൗകര്യം ഏർപ്പാട് ചെയ്യൽ ഭർത്താവിന്റെ ബാധ്യതയാണെന്നും മനസ്സിലാകുന്നു. 'സ്ത്രീകൾക്കു നിങ്ങൾ ചെലവഴിക്കുക'യെന്ന ഖുർആൻ സൂക്തത്തിൽനിന്നും ഇദ്ദാകാലത്ത് അവൾ ജീവനാംശത്തിന് അർഹയാണെന്നും സിദ്ധമാകുന്നു. ഈ സൂക്തങ്ങൾ അവയുടെ ആശയത്തിൽ പൊതുവാണ്. മടക്കിയെടുക്കാൻ അനുവാദമുള്ള ഈ വ്യാപ്തി പരിഗണിച്ചുകൊണ്ടാണ് ഫാത്വിമ ബിൻതു ഖൈസിന്റെ ഹദീസ് ഹസ്രത്ത് ഉമർ തള്ളിക്കളഞ്ഞത്. ഇത് ഖുർആന് എതിരാണെന്നാണ് അദ്ദേഹത്തിന്റെ ഉറച്ച അഭിപ്രായം."

ദനം ചെയ്ത ഒരു ഹദീസ് ഇത്തരം സാധ്യതയിലേക്ക് വെളിച്ചം വീശുന്നു. സഈദുബ്നു ജുബൈർ പ്രസ്താവിക്കുന്നു: ഞാൻ അബ്ദുല്ലാഹിബ്നു അബ്ബാസിനോട് പറഞ്ഞു: 'അബുൽ അബ്ബാസ്; നബി(സ) ഹജ്ജിൽ പ്രവേശിച്ച ഉടനെ ചൊല്ലിയ തൽബിയത്ത് സ്വഹാബികൾ ഉദ്ധരിച്ചത് ഒരേ രൂപത്തിലല്ല എന്നത് എന്നെ വിസ്മയഭരിതനാക്കുന്നു." ഇബ്നു അബ്ബാസ് പ്രതിവചിച്ചു: 'സംഭവം മറ്റാരെക്കാളും നന്നായറിയുന്നവനാണ് ഞാൻ. നബി(സ) ഒരു ഹജ്ജ് മാത്രമേ നിർവഹിച്ചിട്ടുള്ളൂ. അതിനാൽ വിശദാംശങ്ങളിൽ ജനങ്ങൾ ഭിന്നാഭിപ്രായക്കാരാവുക സ്വാഭാവികമാണ്. സംഭവം ഇങ്ങനെയാണ്; നബി(സ) മദീനയിൽനിന്ന് ഹജ്ജിനു പുറപ്പെട്ടു. 'ദുൽഹുലൈഫ'യിൽ വെച്ച് ഇഹ്റാമിന്റെ നമസ്കാരം നിർവഹിച്ച് ഹജ്ജിൽ പ്രവേശിച്ചു. 'തൽബിയത്ത്' ചൊല്ലുകയും ചെയ്തു. ഒരു വിഭാഗം ഈ

**ഇസ്‌ലാമിക വിധികളും നിർദേശങ്ങളും നിയമങ്ങളും സമൂഹ മധ്യത്തിൽ പ്രഖ്യാപിക്കുകയായിരുന്നു പ്രവാചകൻ ചെയ്തിരുന്നത്. അവിടുത്തെ അനുയായികളിലോരോരുത്തരും തങ്ങൾ കേൾക്കുകയും കാണുകയും ചെയ്ത പ്രവാചക വചനങ്ങളും ചര്യകളും ശ്രദ്ധയോടെ ഓർമിച്ചുവെച്ചു. ഓരോ നിർദേശത്തിന്റെയും വിധിയുടെയും സ്ഥലവും സാഹചര്യവും കാലവും പ്രേരകവും ഓരോരുത്തരും ജാഗ്രതയോടെ വിലയിരുത്തുകയും അവക്കാധാരമായ കാരണങ്ങൾ നിർണയിക്കുകയും ചെയ്തു. കാരണങ്ങൾ കണ്ടെത്തുന്നതിൽ ഓരോരുത്തരുടെയും ബുദ്ധിപരവും വൈജ്ഞാനികവുമായ നിലവാരവും വീക്ഷണ വ്യത്യാസവും സ്വാധീനം ചെലുത്തുക സ്വാഭാവികമാണല്ലോ. അങ്ങനെ അവർ ഉൾക്കൊണ്ട ആശയങ്ങളിലും തദടിസ്ഥാനത്തിലുള്ള വിധി നിർണയത്തിലും അന്തരമുണ്ടായി. ഇത് വീക്ഷണ വ്യത്യാസത്തിന് വഴിയൊരുക്കി. അതേസമയം അങ്ങനെ സംഭവിക്കുന്നത് ഗുരുതരമായ തെറ്റോ കുറ്റമോ ആയി ആരും കണക്കാക്കിയിരുന്നില്ല. തന്റെ നിർദേശങ്ങൾ പല രീതിയിൽ ഉൾക്കൊള്ളുന്നതിനെ പ്രവാചകൻ(സ) തന്നെ ഉദാരമായാണ് കണ്ടിരുന്നത്.**

പ്രവാചകന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിൽ സ്വഹാബികൾക്കിടയിലുണ്ടായ വീക്ഷണ വ്യത്യാസം കർമശാസ്ത്ര ഭിന്നതകൾക്ക് കാരണമായിട്ടുണ്ട്. ശാഹ്‌വലിയ്യുല്ലാഹി ദ്ദഹ്‌ലവി ഉദ്ധരിക്കുന്നു: 'നബിതിരുമേനി തന്റെ ഹജ്ജ് യാത്രയിൽ അബ്ത്വഹ് താഴ്‌വരയിൽ വിശ്രമിക്കുകയുണ്ടായി. ഹസ്രത്ത് അബ്ദുല്ലാഹിബ്നു ഉമറിനെയും അബൂഹുറയ്റയെയുംപോലുള്ള സ്വഹാബികൾ ഈ വിശ്രമത്തെ ഇബാദത്തായി വിലയിരുത്തുകയും 'തഹ്സ്വീബി'നെ ഹജ്ജിന്റെ സുന്നത്തുകളിൽ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ ഹസ്രത്ത് ആഇശ(റ)യെയും ഇബ്നു അബ്ബാസിനെയും പോലുള്ളവർ ആ വിശ്രമത്തെ യാദൃഛിക സംഭവമായി കാണുകയും 'തഹ്സ്വീബ്' സുന്നത്താണെന്ന വീക്ഷണത്തോട് വിയോജിക്കുകയും ചെയ്തു.'

പ്രവാചക(സ)ന്റെ ചര്യയെ സ്വഹാബികൾ സ്വന്തം ധാരണകൾക്കനുസൃതമായി വിവരിച്ചതും അഭിപ്രായ വ്യത്യാസങ്ങൾക്ക് വഴിയൊരുക്കി. നബിതിരുമേനിയുടെ ഹജ്ജിന് സ്വഹാബികളെല്ലാം സാക്ഷികളായിരുന്നു. എന്നിട്ടും ആ ഹജ്ജിന്റെ സ്വഭാവം നിർണയിക്കുന്നതിൽ വലിയ അഭിപ്രായാന്തരങ്ങളുണ്ടായി. പ്രവാചകന്റെ ഹജ്ജ് 'തമത്തുഅ്' ആണെന്നും 'ഖിറാ'നാണെന്നും 'ഇഫ്റാദ്' ആണെന്നും അഭിപ്രായപ്പെട്ട സ്വഹാബികളുണ്ട്.

സഈദുബ്നു ജുബൈറിൽനിന്ന് അബൂദാവൂദ് നിവേ

തൽബിയത്ത് കേട്ടു. പിന്നീട് അവിടുന്ന് ഒട്ടകപ്പുറത്ത് കയറി. അപ്പോഴും തൽബിയത്ത് ചൊല്ലി. ഒരു വിഭാഗം ഈ തൽബിയത്താണ് കേട്ടത്. ജനങ്ങൾ കൂട്ടം കൂട്ടമായി നബിതിരുമേനിയെ സമീപിച്ചുകൊണ്ടിരുന്നു. ഒട്ടകപ്പുറത്തിരുന്ന് നബി(സ) തൽബിയത്ത് ചൊല്ലിയത് കേട്ടവർ അപ്പോൾ മാത്രമേ ചൊല്ലിയിട്ടുള്ളൂവെന്ന് കരുതി. പിന്നീട് 'ബൈദാഅ്' കുന്നിൻപുറത്തുവെച്ചും പ്രവാചകൻ തൽബിയത്ത് ചൊല്ലി. അതുകേട്ടവർ ബൈദാഅ് കുന്നിൻപുറത്തുവെച്ചു മാത്രമേ തിരുമേനി തൽബിയത്ത് ചൊല്ലിയിട്ടുള്ളൂവെന്ന് കരുതി. അല്ലാഹുവാണ! നബി(സ) നമസ്കാര സ്ഥലത്തു വെച്ചുതന്നെ ഹജ്ജിൽ പ്രവേശിച്ചിരുന്നു. ഒട്ടകപ്പുറത്തായിരുന്നപ്പോഴും ബൈദാഅ് കുന്നിൻ മുകളിൽ വെച്ചുമെല്ലാം അവിടുന്ന് തൽബിയത്ത് ചൊല്ലിയിട്ടുണ്ട്.' ഈ വീക്ഷണ വ്യത്യാസങ്ങളോടെല്ലാം ഇസ്‌ലാമിക പണ്ഡിതന്മാർ ഉദാരമായ സമീപനമാണ് സ്വീകരിച്ചിരുന്നത്.

പത്തു കാരണങ്ങളാൽ കർമശാസ്ത്ര പ്രശ്നങ്ങളിൽ ഭിന്നാഭിപ്രായങ്ങൾക്കു സാധ്യതയുണ്ടെന്ന് ശൈഖുൽ ഇസ്‌ലാം തന്റെ 'റഫ്ഉൽമലാം അനിൽ അഇമ്മത്തിൽ അഅ്ലാം' എന്ന ഗ്രന്ഥത്തിൽ പറയുന്നു.

ഹദീസ് നിവേദകരെ സംബന്ധിച്ച അഭിപ്രായ വ്യത്യാസം, ഹദീസ് സ്വീകരിക്കുന്നതിലെ മാനദണ്ഡങ്ങളിലെ വ്യത്യാസം, പ്രവാചകന്റെ വചനങ്ങളുടെയും കർമങ്ങളുടെയും കാലം ഏത് എന്നത് സംബന്ധിച്ച തർക്കം, ഖുർആൻ സൂക്ത

ങ്ങളും ഹദീസുകളും തമ്മിൽ ബന്ധപ്പെടുത്തുന്നതിലെ വീക്ഷണ വ്യത്യാസം, ഹദീസുകളുടെ ആശയം ഗ്രഹിക്കുന്നതിലെ അന്തരം പോലുള്ള വിവിധ കാരണങ്ങളാൽ ഭിന്നതകൾ ഉടലെടുക്കാം.

ഖുലഫാഉർറാശിദുകളുടെ നടപടിക്രമവും അവക്ക് സ്വഹാബികൾ നൽകിയ അംഗീകാരവും ചില അഭിപ്രായ ഭിന്നതക്ക് കാരണമായിട്ടുണ്ട്. തറാവീഹ് നമസ്കാരത്തിന്റെ റക്അത്തുകളുടെ എണ്ണം ഇതിനുദാഹരണമാണ്. ഇമാം ബുഖാരി നിവേദനം ചെയ്ത ഹസ്രത്ത് ആഇശ(റ)യുടെ ഹദീസിലിങ്ങനെ കാണാം: അവർ പറഞ്ഞു: 'റമദാനിലും അല്ലാത്തകാലത്തും നബി(സ) പതിനൊന്നിൽ കൂടുതൽ നമസ്കരിക്കാറുണ്ടായിരുന്നില്ല.' (ബുഖാരി)

ഈ ഹദീസിനെ അടിസ്ഥാനപ്പെടുത്തി തറാവീഹ് പതിനൊന്നിൽ കൂടരുതെന്ന് ഒരുവിഭാഗം വിശ്വസിച്ചു. എന്നാൽ ഹസ്രത്ത് ഉമറുൽ ഫാറൂഖ് ഇരുപത് റക്അത്ത് നമസ്കരിക്കാൻ കൽപിച്ചുവെന്നും അദ്ദേഹത്തിന്റെ കാലത്ത് സ്വഹാബികൾ റമദാനിൽ ഇരുപത്തിമൂന്ന് റക്അത്താണ് നമസ്കരിച്ചിരുന്നതെന്നുമുള്ള രേഖകളാണ് മറ്റൊരുവിഭാഗം അംഗീകരിച്ചത്.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(റ) പറയുന്നു: 'റമദാൻ മാസത്തിലെ റക്അത്തുകളുടെ കാര്യത്തിൽ നബി(സ) കൃത്യമായ എണ്ണം നിർണയിച്ചു തന്നിട്ടില്ല. അദ്ദേഹം റമദാനിലാവട്ടെ; അല്ലാത്ത കാലത്താവട്ടെ; പതിമൂന്നിൽ കൂടുതൽ നമസ്കരിച്ചിരുന്നില്ല. എന്നാൽ അവിടുന്ന് റക്അത്ത് ദീർഘിപ്പിക്കുമായിരുന്നു. ഉമർ, ഉബയ്യുബ്നു കഅ്ബിന്റെ നേതൃത്വത്തിൽ അവരെ സംഘടിപ്പിച്ചപ്പോൾ അദ്ദേഹം അവർക്ക് നേതൃത്വം നൽകി നമസ്കരിച്ചത് ഇരുപതും മൂന്ന് റക്അത്ത് വിത്റുമായിരുന്നു. റക്അത്ത് വർധിപ്പിക്കുന്നതിനനുസരിച്ച് അദ്ദേഹം നമസ്കാരം ചുരുക്കും. ഒരു റക്അത്ത് തന്നെ കൂടുതൽ ദീർഘിപ്പിക്കുന്നതിലേറെ മഅ്മൂമുകൾക്ക് സ്വീകാര്യം അതാണ് എന്നതാണ് കാരണം. പൂർവ ഗാമികളിൽതന്നെ ഒരു വിഭാഗം, നാൽപതും മൂന്ന് വിത്റും നമസ്കരിക്കുന്നവരായിരുന്നു. മറ്റു ചിലർ മുപ്പത്താറും മൂന്ന് വിത്റുമാണ് നമസ്കരിച്ചിരുന്നത്. ഇതെല്ലാം സംഗതമാണ്. റമദാനിൽ ഈ രീതികളിലേതിൽ നമസ്കരിച്ചാലും നല്ലതു തന്നെ.' (മജ്മൂഉഫതാവാ; ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ. ഭാഗം: 2, പുറം: 272,273).



**ഖുർആൻ സൂക്തങ്ങളെ ആസ്പദിച്ചുള്ള കർമശാസ്ത്ര പ്രശ്നങ്ങളിൽവരെ അഭിപ്രായാന്തരങ്ങളുണ്ടായിരിക്കെ, ഹദീസുകളുടെ വെളിച്ചത്തിൽ രൂപപ്പെടുന്ന അഭിപ്രായങ്ങളിൽ തീർച്ചയായും വ്യത്യസ്തതകൾ ഉണ്ടാകും. ലോകത്ത് ഏറ്റവും പ്രചാരമുള്ള കർമശാസ്ത്ര മദ്ഹബുകളെല്ലാം രൂപം കൊണ്ടത് ഹദീസുകൾ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെടുന്നതിനു മുമ്പാണ്. സ്വിഹാഹുസ്സിത്തയുടെ ക്രോഡീകരണത്തിനുശേഷം ഒരൊറ്റ കർമശാസ്ത്ര മദ്ഹബും രൂപം കൊണ്ടിട്ടില്ലെന്നത് ഏറെ ശ്രദ്ധേയമത്രെ. മദ്ഹബുകളെ തഖ്‌ലീദ് ചെയ്യുന്നതിനെ ശക്തമായി എതിർക്കുന്ന സലഫീ പണ്ഡിതന്മാർപോലും പുതുതായി ഒരു കർമശാസ്ത്ര രീതി ആവിഷ്കരിച്ചിട്ടില്ല. ഹദീസുകൾ ക്രോഡീകൃത രൂപത്തിൽ ലഭ്യമായതിനാൽ ഇനി കർമശാസ്ത്ര മദ്ഹബുകളെ ആശ്രയിക്കേണ്ടതില്ലെന്ന് വാദിച്ചിട്ടുമില്ല.**

### എന്തുകൊണ്ട് പുതിയ മദ്ഹബ് ഉണ്ടായില്ല?

ഹദീസുകൾ ക്രോഡീകരിക്കപ്പെട്ടുവെന്നതും അവയൊക്കെ ലഭ്യമാണെന്നതും കർമശാസ്ത്ര ഭിന്നത ഇല്ലാതാകാൻ കാരണമാകുന്നില്ല. ഖുർആനിൽനിന്ന് നിർധാരണം ചെയ്യുന്ന കർമശാസ്ത്ര വിധികളിൽപോലും ഭിന്നതകളുണ്ടായിരിക്കെ, ഹദീസുകളെ അവലംബിച്ചുള്ള നിർധാരണങ്ങളിൽ വീക്ഷണ വ്യത്യാസങ്ങളുണ്ടാവുക സ്വാഭാവികം. കർമശാസ്ത്ര പ്രശ്നങ്ങളിൽ മുസ്‌ലിംകൾ ഏകാഭിപ്രായക്കാരാകണമെന്ന് പ്രാമാണിക പണ്ഡിതന്മാർ ശഠിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല.

"വിവാഹമോചിതർ മൂന്ന് 'ഖുറൂഅ്' വരെ തങ്ങളെ സ്വയം നിയന്ത്രിച്ചു കഴിയണം" (2:228) എന്ന ഖുർആനിക സൂക്തത്തിൽ 'ഖുറൂഅ്' എന്ന പദം ആർത്തവത്തിനും ശുദ്ധിക്കും പ്രയോഗിക്കാറുണ്ട്. അതുകൊണ്ടുതന്നെ ഈ സൂക്തത്തിൽനിന്ന് നിർധാരണം ചെയ്ത കർമശാസ്ത്ര വിധിയിൽ ഭിന്നാഭിപ്രായങ്ങളുണ്ടായി. സ്വഹാബികളുടെ കാലം തൊട്ടിന്നോളം അതു തുടർന്നു വരികയും ചെയ്യുന്നു. സ്ത്രീ മൂന്നാമത്തെ ആർത്തവം കഴിഞ്ഞ് ശുദ്ധിയാകുന്നതുവരെ ഇദ്ദയുടെ കാലം അവസാനിക്കുകയില്ല എന്നാണ് ഒരു വിഭാഗത്തിന്റെ അഭിപ്രായം. അപ്പോൾ അവളെ മടക്കിയെടുക്കാൻ ഭർത്താവിന് അവകാശമുണ്ടായിരിക്കും. ഹസ്രത്ത് അബൂബക്ർ, ഉമർ, അലി, ഇബ്നു അബ്ബാസ്, അബൂമൂസൽ അശ്അരി, ഇബ്നു മസ്ഊദ്(റ) എന്നിവരും മറ്റുചില പ്രമുഖ സ്വഹാബികളും ഈ വീക്ഷണക്കാരാണ്. ഹനഫീ കർമശാസ്ത്രം അംഗീകരിച്ചതും

ഇതുതന്നെ. എന്നാൽ മറ്റുചില സ്വഹാബികളും പ്രഗത്ഭ പണ്ഡിതന്മാരും അഭിപ്രായപ്പെട്ടത് മൂന്നാംതവണ ആർത്തവം ആരംഭിക്കുന്നതോടെ ഇദ്ദ അവസാനിക്കും എന്നാണ്. പിന്നീട് ഭർത്താവിന് അവളെ മടക്കിയെടുക്കാൻ അനുവാദമുണ്ടായിരിക്കുന്നതുമല്ല. ഹസ്രത്ത് ആഇശ, ഇബ്നു ഉമർ, സൈദ്ബ്നു സാബിത്(റ) പോലുള്ളവർ ഈ പക്ഷക്കാരാണ്. മാലിക്കീ മദ്ഹബിന്റെ വീക്ഷണവും ഇതുതന്നെ.

ഖുർആൻ സൂക്തങ്ങളെ ആസ്പദിച്ചുള്ള കർമശാസ്ത്ര പ്രശ്നങ്ങളിൽവരെ അഭിപ്രായാന്തരങ്ങളുണ്ടായിരിക്കെ, ഹദീസുകളുടെ വെളിച്ചത്തിൽ രൂപപ്പെടുന്ന അഭിപ്രായങ്ങളിൽ തീർച്ചയായും വ്യത്യസ്തതകൾ ഉണ്ടാകും. ലോകത്ത് ഏറ്റവും പ്രചാരമുള്ള കർമശാസ്ത്ര മദ്ഹബുകളെല്ലാം രൂപം കൊണ്ടത് ഹദീസുകൾ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കപ്പെടുന്നതിനു മുമ്പാണ്. സിഹാഹുസ്സിത്തയുടെ ക്രോഡീകരണത്തിനുശേഷം ഒരൊറ്റ കർമശാസ്ത്ര മദ്ഹബും രൂപം കൊണ്ടിട്ടില്ലെന്നത് ഏറെ ശ്രദ്ധേയമത്രെ.

മദ്ഹബുകളെ തഖ്ലീദ് ചെയ്യുന്നതിനെ ശക്തമായി എതിർക്കുന്ന സലഫീ പണ്ഡിതന്മാർപോലും പുതുതായി ഒരു കർമശാസ്ത്ര രീതി ആവിഷ്കരിച്ചിട്ടില്ല. ഹദീസുകൾ ക്രോഡീകൃത രൂപത്തിൽ ലഭ്യമായതിനാൽ ഇനി കർമശാസ്ത്ര മദ്ഹബുകളെ ആശ്രയിക്കേണ്ടതില്ലെന്ന് വാദിച്ചിട്ടുമില്ല. ശൈഖ് മുഹമ്മദുബ്നു അബ്ദിൽ വഹാബിനെ സംബന്ധിച്ച് സുഊദി അറേബ്യയിൽനിന്ന് പ്രസിദ്ധീകരിക്കുന്ന 'അദ്ദഅ്വ' 1997 ഒക്ടോബർ ലക്കത്തിലെഴുതി: "അല്ലാഹുവിന്റെ ദീനിനെക്കുറിച്ച് അറിയുന്നവരും ഇബ്നു അബ്ദിൽ വഹാബിന്റെ പ്രബോധനത്തിന്റെ യാഥാർഥ്യമറിയുന്നവരും പറയുന്നു: അദ്ദേഹത്തിന്റേത് തൗഹീദ് പ്രബോധനമായിരുന്നു. ഈ പ്രബോധനത്തിന്റെ വക്താവായ മുഹമ്മദുബ്നു അബ്ദിൽ വഹാബ് താൻ അഞ്ചാം മദ്ഹബിന്റെ ആളാണെന്നോ തന്റെ മദ്ഹബ് വഹ്ഹാബീ മദ്ഹബ് ആണെന്നോ ഒരിക്കലും പറഞ്ഞിട്ടില്ല. അദ്ദേഹവും അദ്ദേഹത്തിന്റെ അനുയായികളും സന്താനങ്ങളും പറഞ്ഞത് 'ഞങ്ങൾ ശാഖാപരമായ കാര്യങ്ങളിൽ ഇമാം അഹ്മദിന്റെ മദ്ഹബിലും അഖീദയിൽ സലഫീ മദ്ഹബിലുമാണെന്നാണ്.' (പുറം: 61)

ഹദീസുകൾ ക്രോഡീകരിക്കപ്പെട്ട സ്ഥിതിക്ക് ഇനി കർമശാസ്ത്ര ഭിന്നതകൾക്കിടകളില്ലെന്ന് പ്രാമാണികരായ പണ്ഡിതന്മാരാരും പറഞ്ഞിട്ടില്ല. മറിച്ച്, മുമ്പുണ്ടായിരുന്ന അത്രയോ കൂടുതലോ സാധ്യത നിലനിൽക്കുന്നുണ്ടെന്നതാണ് വസ്തുത. ഡോക്ടർ യൂസുഫുൽ ഖറദാവി ഭിന്നതകൾ നിലനിൽക്കുന്നതിന്റെ ന്യായം ഇങ്ങനെ വിശദീകരിക്കുന്നു: 'സ്വഹാബികളിലും താബിഉകളിലും അവർക്കു ശേഷമുള്ളവരിലും ബിസ്മി ഓതുന്നവരും ഓതാത്തവരുമുണ്ടായിരുന്നു. ഉറക്കെ ഓതുന്നവരും മെല്ലെ ഓതുന്നവരുമുണ്ടായിരുന്നു. സ്വുബ്ഹി നമസ്കാരത്തിൽ ഖുനൂത്ത് ഓതുന്നവരും ഓതാത്തവരുമുണ്ടായിരുന്നു. കൊമ്പ് വെക്കുകയോ മൂക്കിൽനിന്ന് രക്തം വരികയോ ഛർദിക്കുകയോ ചെയ്താൽ വുദൂ പുതുക്കുന്നവരും പുതുക്കാത്തവരുമുണ്ടായിരുന്നു. ജനനേന്ദ്രിയം തൊട്ടാലും സ്ത്രീകളെ കാമവികാരത്തോടെ സ്പർശിച്ചാലും വുദൂ മുറിയുമെന്ന് കരുതുന്നവരും മുറിയില്ലെന്നു കരുതുന്നവരുമുണ്ടായിരുന്നു. തീയിൽ ചുട്ട ഭക്ഷണമോ ഒട്ടകമാംസമോ ഭക്ഷിച്ചാൽ വുദൂ പുതുക്കുന്നവരും പുതുക്കാത്തവരുമുണ്ടായിരുന്നു." (മുസ്ലിം ഐക്യം, സാധുതയും സാധ്യതയും. പുറം: 54) ■